**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3072** **01-03-2023 - ൽ മറുപടിയ്ക്ക്**

**കൊല്ലം നഗര റോഡ് വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം നഗര റോഡ് വികസന പദ്ധതിയായ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം( CRIP ) ന്റെ വിശദാംശം അറിയിക്കുമോ; | (എ) | കൊല്ലം നഗര പാത വികസന പദ്ധതിയുടെ വിശദമായ രൂപരേഖ (ഡി.പി.ആർ) തയ്യാറാക്കുന്നതിന് ഹരിയാന ആസ്ഥാനമായുള്ള M/s. SMEC India Pvt. Ltd -നെ സുതാര്യമായ ദർഘാസ് നടപടികളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിരുന്നു. 2016 – ൽ M/s. SMEC സമർപ്പിച്ച ഡി.പി.ആർ പൊതുമരാമത്ത് ഡിസൈൻ വിഭാഗം പുനർമൂല്യ നിർണ്ണയം നടത്തുകയും 22.01.2022 ലെ ജി.ഒ (ആർ.ടി) നം. 74/2022/ പി.ഡബ്ല്യൂഡി പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തു. 18.03.2022 ലെ ജി.ഒ(ആർ.ടി) നം. 1164/2022/ആർ.ഡി പ്രകാരം പദ്ധതിക്ക് ആവശ്യമായ ഭൂമിയേറ്റെടുക്കലിന്റെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.<br><br>1.മേവറം - കാവനാട് - 13.15 കി.മീ. (പഴയ എൻ.എച്ച്)<br><br>2.റയിൽവേ സ്റ്റേഷൻ - ഡീസന്റ് ജംഗ്ഷൻ. - 6.30 കി.മീ.<br><br>3. തിരുമുല്ലാവാരം - കല്ലുപാലം- കച്ചേരി ജംഗ്ഷൻ - 4.31 കി.മീ.<br><br>---------<br><br>ആകെ - 23.76 കി.മീ.<br><br>LA Area - 8.341 Hectre<br><br>കൊല്ലം നഗര പാത വികസന പദ്ധതിയുടെ പ്രോജക്റ്റ് കോ - ഓർഡിനേറ്ററായി കൊല്ലം, റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. പദ്ധതിയുടെ ലാന്റ് അക്വിസിഷൻ ഓഫീസറായി എൽ.എ2 കുണ്ടറ സ്പെഷ്യൽ തഹസിൽദാറിനെ ചുമതലപ്പെടുത്തി. ഈ |

| | | | |
|---|---|---|---|
| | | | റോഡുകളുടെ ഫീൽഡ് തല പ്രാരംഭ പരിശോധനകൾ പൂർത്തിയാക്കി എൽ.എ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഭൂമി വില 688,83,36,000/- രൂപയും സ്ഥലമേറ്റെടുക്കുന്നതിനുള്ള ഭൂമി വിലയുടെ 30% ആയ 206,65,00,800/- രൂപ എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റായും, 50,00,000/- രൂപ കണ്ടിജൻസി ചാർജ്ജായും അനുവദിക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു. പദ്ധതിയുടെ നടത്തിപ്പിനായി ഏറ്റെടുക്കേണ്ട ഭൂമിയുടെ വില കുറവ് ചെയ്ത് കൊണ്ട് പദ്ധതി റീ - ഡിസൈൻ ചെയ്ത് പുതിയ പ്രൊപ്പോസലായി സമർപ്പിക്കുവാൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. ആയതിനെ തുടർന്ന് പദ്ധതി റീ - ഡിസൈൻ ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിലേയ്ക്ക് കൈമാറിയിട്ടുണ്ട്.<br><br>കൂടാതെ, ബഹു.മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം കൊല്ലം നഗര പാത വികസന പദ്ധതിയിൽ അഡീഷണലായി ഉൾപ്പെടുത്തു ന്നതിന് മറ്റു റോഡുകൾ കൂടി നിർദ്ദേശിക്കാൻ കൊല്ലം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഹൈസ്കൂൾ ജംഗ്ഷൻ - തുക്കടവൂർ റോഡ്, എസ്.എൻ. കോളേജ് - അമൃതകുളം റോഡ്, നെല്ലിമുക്ക് - മാമൂട്ടിൽക്കടവ് റോഡ്, രാമൻകുളങ്ങര – മരുത്തടി റോഡ്, കളക്ടറേറ്റ് - ആൽത്തറമൂട് - തങ്കശ്ശേരി - കാവൽ ജംഗ്ഷൻ - അഞ്ച്കല്ലുംമൂട് എന്നീ റോഡുകൾ കൂടി പദ്ധതിയിലേക്ക് ഉൾപ്പെടുത്തുന്നതിന് വിശദമായ രൂപരേഖ തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിലേയ്ക്ക് കൈമാറിയിട്ടുണ്ട്. ഇതിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഡിസൈൻ വിഭാഗം തയ്യാറാക്കി. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതിയും പദ്ധതി എന്നത്തേയ്ക്ക് ആരംഭിയ്ക്കുവാൻ സാധിയ്ക്കുമെന്നും വിശദമാക്കാമോ? | (ബി) | കൊല്ലം നഗര പാത വികസന പദ്ധതിയുടെ വിശദമായ രൂപരേഖ (ഡി.പി.ആർ) തയ്യാറാക്കുന്നതിന് ഹരിയാന ആസ്ഥാനമായുള്ള M/s. SMEC India Pvt. Ltd -നെ സുതാര്യമായ ദർഘാസ് നടപടികളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിരുന്നു. 2016 – ൽ M/s. SMEC സമർപ്പിച്ച ഡി.പി.ആർ പൊതുമരാമത്ത് ഡിസൈൻ വിഭാഗം പുനർമൂല്യ നിർണ്ണയം നടത്തുകയും 22.01.2022 ലെ ജി.ഒ (ആർ.ടി) നം. 74/2022/ പി.ഡബ്ല്യൂഡി പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തു. 18.03.2022 ലെ ജി.ഒ(ആർ.ടി) നം. 1164/2022/ആർ.ഡി പ്രകാരം പദ്ധതിക്ക് |

ആവശ്യമായ ഭൂമിയേറ്റെടുക്കലിന്റെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

1.മേവറം - കാവനാട് - 13.15 കി.മീ. (പഴയ എൻ.എച്ച്)

2.റയിൽവേ സ്റ്റേഷൻ - ഡീസന്റ് ജംഗ്ഷൻ. - 6.30 കി.മീ.

3. തിരുമുല്ലാവാരം - കല്ലുപാലം- കച്ചേരി ജംഗ്ഷൻ - 4.31 കി.മീ.

---------

ആകെ - 23.76 കി.മീ.

LA Area - 8.341 Hectre

കൊല്ലം നഗര പാത വികസന പദ്ധതിയുടെ പ്രോജക്ട് കോ - ഓർഡിനേറ്ററായി കൊല്ലം, റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. പദ്ധതിയുടെ ലാന്റ് അക്വിസിഷൻ ഓഫീസറായി എൽ.എ2 കുണ്ടറ സ്പെഷ്യൽ തഹസിൽദാറിനെ ചുമതലപ്പെടുത്തി. ഈ റോഡുകളുടെ ഫീൽഡ് തല പ്രാരംഭ പരിശോധനകൾ പൂർത്തിയാക്കി എൽ.എ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഭൂമി വില 688,83,36,000/- രൂപയും സ്ഥലമേറ്റെടുക്കുന്നതിനുള്ള ഭൂമി വിലയുടെ 30% ആയ 206,65,00,800/- രൂപ എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റായും, 50,00,000/- രൂപ കണ്ടിജൻസി ചാർജ്ജായും അനുവദിക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു. പദ്ധതിയുടെ നടത്തിപ്പിനായി ഏറ്റെടുക്കേണ്ട ഭൂമിയുടെ വില കുറവ് ചെയ്ത് കൊണ്ട് പദ്ധതി റീ - ഡിസൈൻ ചെയ്ത് പുതിയ പ്രൊപ്പോസലായി സമർപ്പിക്കുവാൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. ആയതിനെ തുടർന്ന് പദ്ധതി റീ - ഡിസൈൻ ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിലേയ്ക്ക് കൈമാറിയിട്ടുണ്ട്.

കൂടാതെ, ബഹു.മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം കൊല്ലം നഗര പാത വികസന പദ്ധതിയിൽ അഡീഷണലായി ഉൾപ്പെടുത്തു ന്നതിന് മറ്റു റോഡുകൾ കൂടി നിർദ്ദേശിക്കാൻ കൊല്ലം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഹൈസ്കൂൾ ജംഗ്ഷൻ - തുക്കടവൂർ റോഡ്, എസ്.എൻ. കോളേജ് - അമൃതകുളം റോഡ്,

| | | | |
|---|---|---|---|
| | | | നെല്ലിമുക്ക് - മാമൂട്ടിൽക്കടവ് റോഡ്, രാമൻകുളങ്ങര – മരുത്തടി റോഡ്, കളക്ടറേറ്റ് - ആൽത്തറമൂട് - തങ്കശ്ശേരി - കാവൽ ജംഗ്ഷൻ - അഞ്ച്കല്ലുംമൂട് എന്നീ റോഡുകൾ കൂടി പദ്ധതിയിലേക്ക് ഉൾപ്പെടുത്തുന്നതിന് വിശദമായ രൂപരേഖ തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിലേയ്ക്ക് കൈമാറിയിട്ടുണ്ട്. ഇതിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഡിസൈൻ വിഭാഗം തയ്യാറാക്കി. |

സെക്ഷൻ ഓഫീസർ